# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 6227

09.07.2013-ലെ മറുപടിക്ക്

### ജയിലുകളിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ആർ.സെൽവരാജ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജയിലുകളിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ പ്ലാസ്റ്റിക് മാലിന്യങ്ങളിൽനിന്ന് കെട്ടിട നിർമ്മാണത്തിനാവശ്യമായ പ്ലാസ്റ്റോൺ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;<br><br>സി) പരിസ്ഥിതിക്ക് അനുകൂലമായ രീതിയിൽ പ്ലാസ്റ്റിക്കിനെ നിർമ്മാണ സാമഗ്രികളാക്കാൻ എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;<br><br>ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ബി) യും സി) യും ഡി) യും<br>പ്ലാസ്റ്റിക് മാലിന്യത്തിൽനിന്നും ബലമുള്ളതും ഈട് നിൽക്കുന്നതുമായ പ്ലാസ്റ്റിക് കട്ടകൾ (പ്ലാസ്റ്റോൺ) നിർമ്മിച്ച് ജയിലുകളിലെ കെട്ടിട നിർമ്മാണത്തിന് ഉപയോഗിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഇന്ധനക്ഷമത കൂടുതലുള്ള വേസ്റ്റ് വിറകുകൾ (ബ്രിക്വറ്റിംഗ്) നിർമ്മിക്കുന്നതിനും ജയിൽ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള പ്ലാന്റുകൾ തിരുവനന്തപുരം സെൻട്രൽ ജയിലിൽ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നു. ടി ടെണ്ടറുകളിൽ മതിയായ ബിഡ്ഡുകൾ ലഭിക്കാത്തതിനാൽ റീ-ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ